15 -ാം കേരള നിയമസഭ

16 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2877 — 24-02-2026 - ൽ മറുപടിയ്ക്ക്

പുതുക്കാട് മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പുതുക്കാട് മണ്ഡലത്തിലെ മാട്ടുമലയിൽ വാട്ടർടാങ്ക് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഇനിയും ആരംഭിയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വരന്തരപ്പിള്ളി പഞ്ചായത്തിൽ 25 MLD പ്ലാന്റും 18 LL ടാങ്കും നിർമിക്കുന്നതിനായി മാട്ടുമലയിൽ ഒന്നര ഏക്കർ സ്ഥലം കണ്ടെത്തിയെങ്കിലും പ്രവൃത്തിക്കായി കണ്ടെത്തിയ സ്ഥലത്തിന് സ്വകാര്യ വ്യക്തി അവകാശവാദം ഉന്നയിച്ചതിനാൽ ഇതുമായി ബന്ധപ്പെട്ട കേസ് നിലവിൽ ഉണ്ട്. ആയത് 13/03/2026 വരെ നീട്ടിയിട്ടുണ്ട്.<br><br>തുടർന്ന് ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം പ്ലാന്റും ടാങ്കും നിർമ്മിക്കുന്നതിനായി, മറ്റൊരു സ്ഥലം കണ്ടെത്തുന്നതിനായി 25/09/2025-ന് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ജില്ലാ കളക്ടർക്ക് 6/10/2025 തിയ്യതിയിൽ സമർപ്പിച്ചു. ടി സ്ഥലം ലഭ്യമാക്കുന്ന വിഷയം 23.01.2026 തിയ്യതിയിലെ ജില്ലാ ജല ശുചിത്വ മിഷൻ (DWSM) യോഗത്തിൽ ചർച്ച ചെയ്യുകയും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന പഞ്ചായത്തുകളായ മറ്റത്തൂർ, വരന്തരപ്പിള്ളി, കൊടകര, അളഗപ്പനഗർ എന്നീ പഞ്ചായത്തുകളും കൂടി യോഗം ചേർന്ന് ഭൂമി ലഭ്യമാക്കുന്നതിനുള്ള തീരുമാനം എടുക്കേണ്ടതാണെന്ന് DWSM യോഗം നിർദ്ദേശിക്കുകയും ചെയ്തു. |
| (ബി) | നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ തടസ്സങ്ങൾ നീക്കി പദ്ധതിയുടെ നിർമ്മാണം ആരംഭിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വരന്തരപ്പിള്ളി പഞ്ചായത്തിൽ 25 MLD പ്ലാന്റും 18 LL ടാങ്കും നിർമിക്കുന്നതിനായി മാട്ടുമലയിൽ ഒന്നര ഏക്കർ സ്ഥലം കണ്ടെത്തിയെങ്കിലും പ്രവൃത്തിക്കായി കണ്ടെത്തിയ സ്ഥലത്തിന് സ്വകാര്യ വ്യക്തി അവകാശവാദം ഉന്നയിച്ചതിനാൽ ഇതുമായി ബന്ധപ്പെട്ട കേസ് നിലവിൽ ഉണ്ട്. ആയത് 13/03/2026 വരെ നീട്ടിയിട്ടുണ്ട്.<br><br>തുടർന്ന് ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം പ്ലാന്റും ടാങ്കും നിർമ്മിക്കുന്നതിനായി, മറ്റൊരു സ്ഥലം |

| | | | |
|---|---|---|---|
| | | | കണ്ടെത്തുന്നതിനായി 25/09/2025-ന് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ജില്ലാ കളക്ടർക്ക് 6/10/2025 തിയ്യതിയിൽ സമർപ്പിച്ചു. ടി സ്ഥലം ലഭ്യമാക്കുന്ന വിഷയം 23.01.2026 തിയ്യതിയിലെ ജില്ലാ ജല ശുചിത്വ മിഷൻ (DWSM) യോഗത്തിൽ ചർച്ച ചെയ്യുകയും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന പഞ്ചായത്തുകളായ മറ്റത്തൂർ, വരന്തരപ്പിള്ളി, കൊടകര, അളഗപ്പനഗർ എന്നീ പഞ്ചായത്തുകളും കൂടി യോഗം ചേർന്ന് ഭൂമി ലഭ്യമാക്കുന്നതിനുള്ള തീരുമാനം എടുക്കേണ്ടതാണെന്ന് DWSM യോഗം നിർദ്ദേശിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ